(സി) 1:1:1:1 എന്ന റേഷ്യോ നിലവിൽ വന്നതുമൂലം സീനിയർ ഗ്രേഡോ, സെലക്ഷൻ ഗ്രേഡോ ആയ ടൈപ്പിസ്റ്റ് തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് ഗ്രേഡ് I ആയി തസ്തിക മാറ്റം ഇപ്പോൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ;

(ഡി) 1:1:1:1 എന്ന റേഷ്യോ പ്രൊമോഷൻ വന്നതുമൂലം സംജാതമായ അവസ്ഥയിൽ സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റുകൾക്ക് I ഗ്രേഡ് അസിസ്റ്റന്റായി മാറ്റം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇത് സംബന്ധിച്ചും എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) I ഗ്രേഡ് അസിസ്റ്റന്റായും, സെലക്ഷൻ ഓഫീസറായും, തസ്തിക മാറ്റം വഴി നിയമനം ലഭിക്കാൻ സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റിന് അർഹതയുണ്ട്.

(ബി) 10 വർഷം സർവീസ് പൂർത്തിയാക്കിയ I -ാം ഗ്രേഡ് ടൈപ്പിസ്റ്റിന് I -ാം ഗ്രേഡ് അസിസ്റ്റന്റിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത (ഡിഗ്രി, അക്കൗണ്ട് ടെസ്റ്റ്, സെക്രട്ടേറിയറ്റ് മാനുവൽ ടെസ്റ്റ്) യ്ക്കു വിധേയമായി 12:1 എന്ന അനുപാതത്തിൽ അസിസ്റ്റന്റ് ഗ്രേഡ് I ആയി നിയമനം നൽകിവരുന്നു.

(സി) ഇല്ല. നിലവിലുള്ള നിയമപ്രകാരം ഗ്രേഡ് I ടൈപ്പിസ്റ്റിന് മാത്രമേ ഗ്രേഡ് I അസിസ്റ്റന്റായി തസ്തിക മാറ്റത്തിന് അർഹതയുള്ളൂ.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ പേരിൽ അച്ചടിച്ച പുസ്തകങ്ങൾ

5(1710) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതുവരെ പബ്ലിക് റിലേഷൻസ് വകുപ്പ് വഴി മുഖ്യമന്ത്രിയുടെ പേരിൽ ഏതെല്ലാം തലക്കെട്ടുകളിൽ പുസ്തകങ്ങൾ പ്രിന്റ് ചെയ്തിട്ടുണ്ട് ;

(ബി) ഇവ ഓരോന്നും എത്ര വീതം പ്രിന്റ് ചെയ്തു ;

(സി) ഓരോ പുസ്തകവും പ്രിന്റ് ചെയ്യുന്നതിന് എത്ര രൂപാ വീതം ചെലവായിട്ടുണ്ട് ;

(ഡി) ഏതെല്ലാം പ്രസ്സുകളിലാണ് ഇവ പ്രിന്റ് ചെയ്തിട്ടുള്ളത് ;

(ഇ) ഈ പുസ്തകങ്ങൾക്കെല്ലാം കൂടി ആകെ എത്രകോടി രൂപാ പ്രിന്റിംഗ് ചാർജ് ആയിട്ടുണ്ട് ;

(എഫ്) പ്രിന്റിംഗ് ചാർജ്ജ് കൊടുക്കുവാൻ ബാക്കിയുണ്ടോ ; എങ്കിൽ ഇത്ര തുകയാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES, Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതുവരെ പബ്ലിക് റിലേഷൻസ് വകുപ്പ് വഴി മുഖ്യമന്ത്രിയുടെ പേരിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) പബ്ലിക് റിലേഷൻസ് വകുപ്പ് പുസ്തകങ്ങൾ അച്ചടിക്കുന്നത് സർക്കാർ പ്രസ്സുകളിലും അർദ്ധസർക്കാർ പ്രസ്സുകളിലുമാണ്. അതിനാൽ ചെലവുകളുടെ കണക്ക് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ഡി) ഈ പുസ്തകങ്ങൾ അച്ചടിച്ചത് സർക്കാർ പ്രസ്സിലും അർദ്ധ സർക്കാർ പ്രസ്സായ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലുമാണ്. ലിസ്റ്റ് കാണുക.

(ഇ) ഈ പുസ്തകങ്ങൾ അച്ചടിച്ചത് സർക്കാർ പ്രസ്സുകളിലും അർദ്ധ സർക്കാർ പ്രസ്സായ കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലുമാണ്. അതിനാൽ പ്രന്റിംഗ് ചാർജ് പ്രത്യേകം കണക്കാക്കിയിട്ടില്ല.

(എഫ്) ഈ പുസ്തകങ്ങൾ അച്ചടിച്ച് കിട്ടിയവകയിൽ പ്രിന്റിംഗ് ചാർജ് കൊടുക്കുവാൻ ബാക്കിയില്ല.

അന്ത്യോദയ പരിപാടി

6(1803) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ത്യോദയ പരിപാടി ആവിഷ്ക്കരിച്ചത് സംസ്ഥാന ഗവൺമെന്റാണോ ;

(ബി) അല്ലെങ്കിൽ ഈ പരിപാടിയുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പങ്കെന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഈ പരിപാടി നടപ്പാക്കാനുള്ള അരി ലഭ്യമാക്കുന്നത് ആരാണ് ;

(ഡി) പ്രസ്തുത അരിയുടെ വില എന്താണ് ;

(ഇ) ഈ അരി കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനുള്ള സബ്സിഡി ചെലവ് വഹിക്കുന്നതാരാണ് ; ഈ ഇനത്തിൽ വേണ്ടിവരുന്ന സബ്സിഡി പ്രതിവർഷം എത്രയാണ് ;

(എഫ്) ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് എന്ത് ചെലവുവരും ; ഏതെല്ലാം ഇനത്തിലാണ് ഈ ചെലവ് വരുന്നത് എന്ന് വ്യക്തമാക്കുമോ ?

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
18.	റാബീസ്	235	17
19.	സിഫിലിസ്	180	—
20.	ഗൊണോകോക്കൽ ഇൻഫക്ഷൻ	531	—
21.	പർമിനറി ടൂബർകുലോസിസ് (ടി.ബി)	36549	226

അനുബന്ധം - III

[8-03-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5 (1710) ദയവായി കാണുക]

മുഖ്യമന്ത്രിയുടെ പേരിലുള്ള പുസ്തകങ്ങൾ

നമ്പർ	പുസ്തകത്തിന്റെ പേര്	അച്ചടിച്ച പ്രസ്സിന്റെ പേര്	കോപ്പികളുടെ എണ്ണം
(1)	(2)	(3)	(4)
1.	കേരളത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം	സർക്കാർ പ്രസ്സ് മണ്ണന്തല	30,000
2.	കാലഘട്ടത്തിന്റെ ശബ്ദം	"	30,000
3.	വികേന്ദ്രീകരണം: മാദ്ധ്യമനയത്തിനും പ്രതിഫലിക്കണം	"	15,000
4.	ഗൾഫ് യൂറോ ഡയറി	"	30,000
5.	വ്യക്തി സമൂഹം വികസനം	"	10,000
6.	പുരോഗതിയുടെ പാദമുദ്രകൾ	"	10,000
7.	ഒൻപതാം പദ്ധതി കേരളത്തിന്റെ സമീപനം	"	15,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8.	പ്രത്യാശയുടെ ദീപ്തമുഖം	സർക്കാർ പ്രസ്സ് മണ്ണന്തല	10,000
9.	ശിവഗിരി വസ്തുതകളും യഥാർത്ഥ്യങ്ങളും		20,000
10.	ഗൾഫ് നാടുകളിൽ ഒരിക്കൽ കൂടി	"	10,000
11.	ചരിത്ര സാക്ഷ്യത്തിൽ വികസന മുഹൂർത്തങ്ങൾ	"	10,000
12.	മുഖ്യമന്ത്രിയും മാർപ്പാപ്പയും ഭഗവത്ഗീതയും	കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോ ഗ്രാഫിക് സെന്റർ	15,000
13.	കാലത്തിന്റെ കണ്ണാടി	"	5,000
14.	എന്റെ നിയമസഭാ പ്രസംഗങ്ങൾ വോള്യം I	"	5,000
15.	എന്റെ നിയമസഭാ പ്രസംഗങ്ങൾ വോള്യം II	"	5,000
16.	സന്തുലിതാവസ്ഥയ്ക്ക് പ്രായോഗിക സമീപനം	"	10,000
17.	സ്നേഹവായ്പോടെ നിങ്ങളുടെ നായനാർ	"	5,000
18.	നവകേരളത്തിന്റെ മൂന്ന് ഘട്ടങ്ങൾ	" (അച്ചടിനടന്നുവരുന്നു)	5,000
19.	കേരളം ഐശ്വര്യത്തിന്റെ പാതയിൽ	" (അച്ചടിനടന്നുവരുന്നു)	5,00,000

LIBRARY ARCHIVES Kerala Legislative Assembly